## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം - I

### (നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

### 2016 ജൂൺ 30, വ്യാഴം

### നമ്പർ : 7

രാവിലെ 8.30 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തര പ്രമേയം:

സംസ്ഥാനത്ത് 2016-17 അദ്ധ്യയന വർഷം എം.ബി.ബി.എസ്. പ്രവേശനത്തിൽ ആയിരത്തിൽപ്പരം സീറ്റുകളിലേക്ക് പ്രവേശനം നിഷേധിച്ചതു മൂലമുണ്ടാകുന്നതായി പറയപ്പെടുന്ന ഗുരുതരമായ അവസ്ഥയെപ്പറ്റി സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. വി. എസ്. ശിവകുമാറും മറ്റ് രണ്ട് അംഗങ്ങളും ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. ആരോഗ്യകുടുംബക്ഷേമ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു. ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നും ഇറങ്ങിപ്പോയി.

ശ്രദ്ധക്ഷണിക്കൽ:

(1) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്നതായി പറയപ്പെടുന്ന ക്വാറികളുടെയും ക്രഷർ യൂണിറ്റുകളുടെയും പ്രവർത്തനം മൂലം ജനങ്ങൾക്ക് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളിലേക്ക് ശ്രീ. സി. ദിവാകരൻ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) സംസ്ഥാനത്ത് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം ഉപേക്ഷിക്കപ്പെടുന്നതായി പറയപ്പെടുന്നതിനെക്കുറിച്ചും ഇതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക ദൂരീകരിച്ച് നിലവിലുള്ള കടിശ്ശിക ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയിലേക്കും ശ്രീ. മോൻസ് ജോസഫ് ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

സ്പീക്കറുടെ അറിയിപ്പ്

നിയമസഭാ പരിസരം പരിസ്ഥിതി സൗഹാർദ്ദമാക്കുന്നതിനായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ച് സ്പീക്കർ സഭയെ അറിയിച്ചു

**മേശപ്പുറത്തു വച്ച കടലാസുകൾ**

സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി സംബന്ധിച്ച ധവളപത്രം ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് സഭയുടെ മേശപ്പുറത്തു വച്ചു.

കൂടാതെ പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2324, പതിനാലാം സമ്മേളനത്തിലെ 2180, 2188, 4796, 5921, 5928, 5934, 5941, പതിനഞ്ചാം സമ്മേളനത്തിലെ 34, 652, 668, 676, 682, 1041, പതിനാറാം സമ്മേളനത്തിലെ 657, 659, 679, 2229, 2231, 2234, 2235, 2242, 2246, 2247, 2253, 2260, 2544,2883 പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 3777, പതിനാറാം സമ്മേളനത്തിലെ 335 പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 4476 പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 2756, പതിനാറാം സമ്മേളനത്തിലെ 945 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും സഭയുടെ മേശപ്പുറത്ത് വച്ചു.

**ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച**

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച പുനരാരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. എം. എം. മണി
ശ്രീ. എൽദോസ് കുന്നപ്പിള്ളി
ശ്രീ. മുഹമ്മദ് മുഹ്സിൻ. പി
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
ശ്രീ. ബി. ഡി. ദേവസ്സി
ശ്രീ. രാജു എബ്രഹാം
ശ്രീ. മോൻസ് ജോസഫ്
ശ്രീ. കെ. ബി. ഗണേഷ് കുമാർ
ശ്രീ. വി. ജോയി
ശ്രീ. ഒ. രാജഗോപാൽ
ശ്രീ. കെ. ദാസൻ
ശ്രീ. രമേശ് ചെന്നിത്തല (പ്രതിപക്ഷ നേതാവ്)

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എന്നിവർ മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ വോട്ടിനിടുകയും തള്ളിയതായി പ്രഖ്യാപിക്കുകയും ചെയ്തു. നന്ദി പ്രമേയം സഭ അംഗീകരിച്ചു.

2016 ജൂലൈ 8-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 2.12 ന് സഭ പിരിഞ്ഞു.

പി. ജയലക്ഷ്മി
സെക്രട്ടറി-ഇൻ-ചാർജ്.

## FOURTEENTH KERALA LEGISLATIVE ASSEMBLY

First Session

## BULLETIN-PART I

(Brief Record of Proceedings)

Thursday, June 30, 2016

No. 7

The Assembly met at 8.30 a.m. with Mr. Speaker in the Chair.

**Questions:**

Four questions in the list of questions posted for the day were answered orally.

**Adjournment Motion:**

After hearing the Minister for Health and family Welfare the Speaker withheld the consent to the moving of an adjournment motion given notice of by Shri. V. S. Sivakumar and two other members regarding the serious situation reported to have arisen due to the Government decision to deny admission to more than 1000 MBBS seats in the State during the current academic year (2016-17).

As a mark of protest against attitude of the Government in the matter, the Members belonging to the opposition staged a walkout.

**Calling Attention:**

(1) Shri. C. Divakaran called the attention of the Minister for Revenue and Housing to the reported difficulties faced by people due to the alleged illegal functioning of quarries and crusher units in the State. The Minister made a statement thereto.

(2) Shri. Mons Joseph called the attention of the Minister for Finance and Coir to the necessity to resolve the apprehensions evolved due to the reported abandoning of the Rubber Production Incentive Scheme in the State and to pay off the existing arrears under the scheme. The Minister made a statement thereto.

## Announcement by the Speaker:

The Speaker informed the House that a project would be implemented in the Legislative Assembly premises to make it eco-friendly.

## Papers laid on the table:

Dr. T. M. Thomas Issac, Minister for Finance and Coir laid on the table a 'white paper' regarding the financial situation of the State.

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2324, പതിനാലാം സമ്മേളനത്തിലെ 2180, 2188, 4796, 5921, 5928, 5934, 5941, പതിനഞ്ചാം സമ്മേളനത്തിലെ 34, 652, 668, 676, 682, 1041, പതിനാറാം സമ്മേളനത്തിലെ 657, 659, 679, 2229, 2231, 2234, 2235, 2242, 2246, 2247, 2253, 2260, 2544, 2883 പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 3777, പതിനാറാം സമ്മേളനത്തിലെ 335 പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 4476 പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 2756, പതിനാറാം സമ്മേളനത്തിലെ 945 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിന്റെ കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## Discussion on the Motion of thanks to the Governor's Address:

Discussion on the Motion of Thanks to the Governor's Address resumed. The following Members took part in the discussion.

Shri. M. M. Mani
Shri. Eldhose Kunnappilly
Shri. Muhammed Muhassin. P
Shri. P. K. Kunhalikutty
Shri. B. D. Devassy
Shri. Raju Abraham
Shri. Mons Joseph
Shri. K. B. Ganesh Kumar
Shri. V. Joy
Shri. O. Rajagopal

Shri. K. Dasan
Shri. Ramesh Chennithala (Leader of Opposition)

Shri. E. Chandrasekharan, The Minister for Revenue and Housing and Shri. Pinarayi Vijayan the Chief Minister replied to the points raised in the discussion. The amendments moved were put to vote and declared lost. The motionof Thanks was then put to vote and adopted by the House

The House adjourned at 2.12 p.m. to meet again at 9.00 a.m. on Friday July8, 2016.

P. Jayalekshmi,
Secretary-in-Charge.